ഭരണഭാഷ-മാതൃഭാഷ

WCD/NNM/10421/2019

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി :18.05.2022
ഇ-മെയിൽ : nnmwcdkerala@gmail.com
ഫോൺ നമ്പർ 0471-2346534

## സർക്കുലർ

വിഷയം : വനിത ശിശു വികസന വകുപ്പ് -സംപുഷ്ടകേരളം—തേൻ കണം പദ്ധതി -അങ്കണവാടികൾക്ക് തേൻ ലഭ്യമാക്കുന്നത്--സംബന്ധിച്ച്.

സംപുഷ്ട കേരളം പദ്ധതിയുടെ ഭാഗമായി വനിതാ ശിശു വികസ വകുപ്പ് കേരള സംസ്ഥാന ഹോർട്ടികോർപ്പുമായി ചേർന്ന് സംസ്ഥാനത്തെ അങ്കണവാടി കുട്ടികൾക്ക് തേൻ വിതരണം ചെയ്യുന്ന പദ്ധതിയാണ് തേൻകണം. രണ്ട് ഘട്ടമായാണെന്ന് ഈ പദ്ധതി നടപ്പിലാക്കുന്നത് . ആദ്യ ഘട്ടത്തിൽ മൂന്നു മാസത്തേയ്ക്ക് 300 ഗ്രാം തേൻ വീതം ഓരോ അങ്കണവാടികളിലേയ്ക്കും വിതരണം ചെയ്യുന്നു. 2022 മെയ് 27 നകം ICDS ഓഫീസുകളിൽ തേൻ അടങ്ങുന്ന ബോട്ടിലുകൾ വിതരണം ചെയ്യുന്നതാണ് എന്ന് കേരള സംസ്ഥാന ഹോർട്ടികോർപ്പ് അറിയിച്ചിട്ടുണ്ട്.

ഹോർട്ടികോർപ്പ് അധികൃതർ PO/CDPO മാരെ ഫോൺ മുഖാന്തിരം ബന്ധപ്പെടുന്ന മുറയ്ക്ക് CDPO മാർ തേൻ (300 gm/anganawadi) സ്വീകരിച്ച് ഓഫീസ് വാഹനം ഉപയോഗിച്ച് അന്ന് തന്നെ അല്ലാത്ത പക്ഷം പിറ്റേന്ന് രാവിലെ തന്നെ സെക്ടർ തലത്തിൽ ഇവ എത്തിയ്ക്കുകയും അതാത് അങ്കണവാടി പ്രവർത്തകർക്ക് സെക്ടർ തലത്തിൽ അവ വിതരണം ചെയ്യേണ്ടതിനും ആവശ്യമായ സജ്ജീകരണം ചെയ്യേണ്ടതുമാണ്. 2022 മെയ് 30ാം തീയതി പ്രവേശനോത്സവത്തോടെ ഈ പദ്ധതി ബഹു. വനിതാ ശിശു വികസന വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്യുന്നതാണ്.

ശരാശരി ഒരു അങ്കണവാടിയിൽ 15 കുട്ടികൾ എന്ന നിരക്കിൽ ആഴ്ചയിൽ രണ്ട് ദിവസം (ചൊവ്വ, ~~വ്യാഴം~~ Friday) ഒരു കുട്ടിയ്ക്ക് 6 തുള്ളി അതായത് 0.50 gm ഒരു കുട്ടിയ്ക്ക് അങ്ങനെ ഒരു അങ്കണവാടിയിൽ ഒരു ദിവസം 7.5gm തേൻ വീതമാണ് വിതരണം ചെയ്യേണ്ടത്. ഓരോ കുട്ടിയ്ക്കും 6 തുള്ളി തേൻ സ്പൂണിൽ വളരെ സൂക്ഷ്മതയോടെ ശരിയായ അളവിൽ നൽകേണ്ടതാണ്. (Dispenser-ൽ വളരെ മൃദുവായ് മാത്രമേ അമർത്താൻ പാടുള്ളൂ).

PO മാരും CDPO മാരും സൂപ്പർവൈസർമാർക്ക് ഈ പദ്ധതി മോണിറ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതുമാണ്.

വിശ്വസ്തതയോടെ,

19/5/22

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ

ഡയറക്ടർ
വനിതാ ശിശുവികസന വകുപ്പ്
തിരുവനന്തപുരം-695 012.

DIRECTORATE OF WOMEN & CHILD DEVELOPMENT * POOJAPURA-695012 *

18/05/22
JPCS ANW (3)